(സി) ഗതാഗത വകുപ്പു മന്ത്രിയുടെ പേരിൽ വ്യാജ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തയ്യാറാക്കിയതായി അറിവുണ്ടോ ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(ഡി) വ്യാജ സർട്ടിഫിക്കറ്റു നിർമ്മാണത്തിന്റെ ഉറവിടം കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(ഇ) വളരെ ഗരുതരമായ ഈ പ്രശ്നത്തിൽ സമഗ്രമായ അന്വേഷണവും, സമ്പൂർണ്ണ വാഹന പരിശോധനയും നടത്താൻ നടപടി സ്വീകരിക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതേക്കുറിച്ച് വിശദമായ അന്വേഷണം പോലീസ് വകുപ്പ് നടത്തിവരുന്നു.

(സി) പേരിൽ വ്യാജ സർട്ടിഫിക്കറ്റ് തയ്യാറാക്കിയിട്ടില്ല. എന്നാൽ പത്രവാർത്തയിന്മേൽ അന്വേഷണത്തിന് പോലീസിൽ പരാതി നൽകി അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടന്നുവരുന്നു.

(ഡി) ഈ വിഷയം സംബന്ധിച്ച അന്വേഷണം നടത്തുന്നത് പോലീസ് വകുപ്പാണ്. വിശദവിവരങ്ങൾ ലഭ്യമായിട്ടില്ല.

(ഇ) ഇത്തരം പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും വാഹന പരിശോധന സുഗമമാക്കുന്നതിനും മോട്ടോർ വാഹന വകുപ്പിലെ ഡാറ്റാബേസിലെ വിവരങ്ങൾ പോലീസ് വകുപ്പിനുംകൂടി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ വാഹനപരിശോധനയും രേഖകളുടെ സൂക്ഷ്മപരിശോധനയും കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് റോഡുകളുടെ അറ്റകുറ്റപ്പണി ത്വരിതപ്പെടുത്താൻ നടപടി

6 (*66) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും, മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പാതകൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണി ത്വരിതപ്പെടുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; ഇതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ;

(ബി) അറ്റക്കുറ്റപ്പണികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും പണികൾ നിശ്ചിത സമയത്തിനകം നടപ്പാക്കുന്നതിനുമായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) റോഡുകളുടെ അറ്റക്കുറ്റപ്പണികൾ മന്ദീഭവിക്കുന്നതിന്റെ കാരണം എന്താണ് ; അറ്റക്കുറ്റപ്പണികൾ എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ കാലവർഷത്തിന്റെ ഫലമായി റോഡുകൾക്ക് ഉണ്ടായ നാശനഷ്ടം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ഇ) റോഡുകളുടെ അറ്റക്കുറ്റപ്പണികൾക്കായി അത്യാധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും പുതിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ;

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ,

(എ) സംസ്ഥാന റോഡുകളുടെ അറ്റകുറ്റപ്പണി പദ്ധതിയിതര പ്രവൃത്തിയിലുൾപ്പെടുത്തി 240 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. ഇതിന് പുറമേ റോഡുകളുടെ ഇപ്പോഴത്തെ നിലവാരമനുസരിച്ച് വളരെ മോശം, മോശമായവ എന്നിങ്ങനെ തരംതിരിച്ച സംസ്ഥാന പൊതുമരാമത്തു റോഡുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളും സഞ്ചാരയോഗ്യമാക്കുന്നതിന് പ്രത്യേക വിഹിതമായി 718 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ദേശീയപാതയുടെ അറ്റകുറ്റപ്പണികൾക്കായി 17.5136 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) മഴക്കാല കെടുതികൾമൂലം റോഡുകൾക്കുവേണ്ടിവരുന്ന അടിയന്തര അറ്റകുറ്റപ്പണികൾ പി.ഡബ്ല്യൂ.ഡി മന്ത്രി ചെയർമാനായുള്ള സംസ്ഥാനതല ക്രൈസിസ് മാനേജ്മെന്റ് സമിതിയും വിവിധ മന്ത്രിമാരുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാതല ക്രൈസിസ് മാനേജ്മെന്റ് സമിതിയും നിരീക്ഷിക്കുന്നുണ്ട്. പി.ഡബ്ല്യൂ.ഡി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ (വിജിലൻസ്) നേതൃത്വത്തിലുള്ള ടീം അറ്റകുറ്റപ്പണികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി പരിശോധന നടത്തുന്നുണ്ട്. ടെണ്ടർ വിജ്ഞാപനങ്ങൾ അതത് ജില്ലയിൽ നിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നേരിട്ട് നൽകാനും വിവിധ പ്രവൃത്തികൾക്ക് ടെണ്ടർ സമർപ്പിക്കുന്നതിനുള്ള കാലാവധി കുറച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്.

(സി) അപ്രതീക്ഷിതമായ ശക്തവും തുടർച്ചയായതുമായ മഴ മൂലമാണ് അറ്റകുറ്റപ്പണികൾ മന്ദീഭവിച്ചത്. 2011 ജനുവരി 31 നകം പണികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) 12-10-2010 വരെ 133.42 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്.

(ഇ) റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിനായി ആധുനിക യന്ത്രം വാങ്ങുന്നതിനായി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. പുതിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്ന കാര്യവും പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly